പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3214

16/12/2015 -ൽ
മറുപടിയ്ക്ക്

## ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസിയുടെ പ്രവർത്തനം വിശദമാക്കുമോ; | (എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറു അരുവികളിൽ ചെക്കുഡാം നിർമ്മാണം, പഴം, പച്ചക്കറി വികസന പദ്ധതി എന്നിവയിൽ തുടങ്ങി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ, സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽദാന പരിപാടി, കുളങ്ങൾ നവീകരിക്കൽ, കൃഷി വികസനം, ക്ഷീരവികസന പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ ഉപജീവന ആസ്തികൾ സൃഷ്ടിക്കുന്ന സ്വയം തൊഴിൽ പരിപാടികൾ, പരിസ്ഥിതി സംരക്ഷണത്തിലൂടെയുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനം എന്നീ പദ്ധതികൾ നടത്തിവരുന്നു. |

(ബി) പ്രസ്തുത ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പു സാമ്പത്തിക വർഷം വരെ എത്ര തുക വീതം ബഡ്ജറ്റിൽ വകകൊള്ളിച്ചെന്നും എത്ര തുക വീതം ചെലവഴിച്ചെന്നും വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) 2011-12 മുതൽ 2015-16 വരെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും സർക്കാരിൽ നിന്നും ഫണ്ട് റിലീസ് ചെയ്ത തുകയും 10.12.2015-വരെയുള്ള ചെലവ് തുകയുടേയും വിശദീകരണം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്നതിന് വാമനപുരം എം.എൽ.എ ഏതെങ്കിലും പ്രവൃത്തികളുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ബഹു: എം.എൽ.എ യുടെ പ്രപ്പോസൽ പരിശോധനയിലാണ്. 2014-15 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ഒരു റോഡു പ്രവർത്തിക്ക് ഭരണാനുമതി നൽകിയിരുന്നു. ആയത് പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

Bijumon

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക (തുക ലക്ഷത്തിൽ) | 100.00 | 6130.00 | 6750.00 | 11000.00 | 11300.00 |
| സർക്കാരിൽ നിന്നും ഫണ്ട് റിലീസ് ചെയ്ത തുക (തുക ലക്ഷത്തിൽ) | 100.00 | 3630.00 | 3950.00 | 6088.08 | |
| 10.12.2015-വരെയുള്ള ചെലവ് തുക (തുക ലക്ഷത്തിൽ) | 100.00 | 3310.90 | 3628.31 | 3350.62 | |

Bijumon

സെക്ഷൻ ഓഫീസർ